കേരള സർക്കാർ

നം.50412/ഡിബി2/11/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിബി)വകുപ്പ്
തിരുവനന്തപുരം, തീയതി : 23/5/2012

## സർക്കുലർ

വിഷയം:-തദ്ദേശസ്വയംഭരണവകുപ്പ്: - ആസ്തികളുടെ കണക്കെടുപ്പും ഗ്രാന്റ് വിനിയോഗവും -ആസ്തി രജിസ്റ്റർ ശരിയായ രീതിയിൽ പൂർത്തിയാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സർക്കുലർ നം.55178/എഫ്എം3/08/തസ്വഭവ തീയതി 24/8/08.
2. സർക്കുലർ നം. 58608/ഡിബി2/09/തസ്വഭവ തീയതി 13/1/2010.
3. 13/10/11-ലെ ഇതേ നമ്പർ സർക്കുലർ.
4. സ.ഉ (സാധാ)നം.59/2012/തസ്വഭവ തീയതി: 6/1/2012.

സംസ്ഥാന സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്ത് കിട്ടിയവ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനും ആയതിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സൂചന സർക്കുലറുകൾ പ്രകാരവും സർക്കാർ ഉത്തരവ് പ്രകാരവും പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കുറ്റമറ്റ രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാർ ചെയ്ത്, ആയതിന്റെ ഇ-കോപ്പി ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കി, വിവരം സർക്കാരിനെ അറിയിക്കേണ്ട അവസാന തീയതി 2012 ജനുവരി 25 ആയി നിജപ്പെടുത്തിയിരുന്നു.

2. എന്നിരുന്നാലും നാളിതുവരെയായി പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സൂചന സർക്കുലറുകളിലെ നിർദ്ദേശാനുസരണം 31/5/2012-ന് മുൻപ്, ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാർ ചെയ്ത് ആയതിന്റെ ഇ-കോപ്പി ഇൻഫർമേഷൻ കേരള മിഷന് കൈമാറി വിവരം വകുപ്പ് മേധാവികൾക്ക് ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം ലഭ്യമാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് 2012 ജൂൺ മാസം മുതൽ റിലീസ് ചെയ്യുന്നതല്ലെന്ന് ഉത്തരവാകുന്നു.

ജെയിംസ് വർഗ്ഗീസ്
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി.

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12. മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
14. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് ,കൊട്ടാരക്കര
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
16. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
17. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
18. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
19. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20. എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
21. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
22. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
23 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
25. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
28. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
29. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ & ഇ) തിരുവനന്തപുരം
30. അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
31. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
32. ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻ പ്രകാരം

Rashad M.S.

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശസ്വയംഭരണ (നഗരകാര്യം) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശസ്വയംഭരണ (ഗ്രാമവികസനം) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്
7. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ഡി/ഡി.സി/എഫ്.എം സെക്ഷനുകൾക്ക്